പി4/41220/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
തീയതി: 04.12.2017

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകളിൽ ലാന്റ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുന്നത് - സംബന്ധിച്ച് .

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഭൂരിപക്ഷം സർക്കാർ കോളേജുകൾക്കും/ കോളേജ് ഹോസ്റ്റലുകൾക്കും ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തതു മൂലം സമഗ്രമായ വികസനത്തിനും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ വിനിയോഗിക്കുന്നതിനും തടസ്സമുണ്ടാവുന്നത് ശ്രദ്ധയിൽപെട്ടതിനാൽ അടിയന്തിരമായി ടി സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലത്തിന് വ്യക്തമായ രേഖകൾ ഉണ്ടാക്കുന്നതിന് എല്ലാ ഗവൺമെന്റ് കോളേജുകളും താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പ്രിൻസിപ്പാൾ ചെയർമാനായും ഒരു അദ്ധ്യാപകൻ കോ-ഓർഡിനേറ്ററായും സീനിയർ സൂപ്രണ്ട്/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഒരു രക്ഷകർത്താവ് എന്നിവർ അംഗങ്ങളായും ഒരു ലാന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് (അവരുടെ ഫോൺ നമ്പർ ഉൾപ്പെടെ) വിവരം ഈ ഓഫീസിലറിയിക്കുക.
2. ഗവൺമെന്റ് കോളേജുകളുടെ/ഹോസ്റ്റലുകളുടെ ഭൂമിയിൽ കൈയേറ്റം നടന്നിട്ടുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം 18.12.2017-ന് അകം ഈ ഓഫീസിലറിയിക്കുക.
3. കോളേജുകളുടെ/ഹോസ്റ്റലുകളുടെ നിലവിലെ പ്രോപ്പർട്ടിയുടെ സകല രേഖകളും വില്ലേജ് ആഫീസുമായി ബന്ധപ്പെട്ട് സമാഹരിച്ച് പ്രോപ്പർട്ടി മാനേജ്മെന്റ് സെൽ ഇതോടൊപ്പം ലഭ്യമാക്കിയിട്ടുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് അപേക്ഷ തയ്യാറാക്കി ഈ ഓഫീസിലേയ്ക്ക് അയച്ചുതരിക.
4. ഓരോ കോളേജിന്റെയും/ഹോസ്റ്റലിന്റെയും സ്ഥലത്തിന്റെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കണം (സ്കെച്ച്, പ്ലാൻ, അണ്ടർ ഗ്രൗണ്ട് യൂട്ടിലിറ്റി ലൊക്കേഷൻ ഉൾപ്പെടെ). ചുറ്റുമതിൽ ഇല്ലെങ്കിൽ അതിർത്തി അടയാളപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ചെയ്യാൻ ലാന്റ് മാനേജ്മെന്റ് കമ്മറ്റി കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുക.
5. കോളേജുകളുടെ/ഹോസ്റ്റലുകളുടെ നിലവിലെ പ്രോപ്പർട്ടിയുടെ സകല രേഖകളുടെയും പകർപ്പുകൾ ഡിസംബർ 16/18 തീയതികളിൽ നടക്കുന്ന പ്ലാൻ റിവ്യൂ മീറ്റിംഗുകളിലോ ഡിസംബർ 20-നകം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലോ ഹാജരാക്കുക.

(ഒപ്പ്/)
എം.എസ്.ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം: മേൽ പ്രസ്താവിതം

//അംഗീകാരത്തോടെ//

പകർപ്പ്: 1. എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. സ്റ്റോക്ക് ഫയൽ/കരുതൽ ഫയൽ

സൂപ്രണ്ട്

1360377

GOVERNMENT OF KERALA

# സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ ശുപാർശകളിൽ സമർപ്പിക്കേണ്ട ചെക്ക് ലിസ്റ്റ്

(ആവശ്യമായ കോളങ്ങളിൽ ടിക് (✔ മാർക്ക് ക്രമപ്പെടുത്തുക)

| | | ഉണ്ട് | ഇല്ല |
|---|---|---|---|
| 1.0 | **അർത്ഥനാ പത്രം -** | | |
| 1.1 | അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ സേവന വകുപ്പാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ | | |
| 1.2 | നിശ്ചിത മാതൃകയിലുള്ള റിക്വിസിഷൻ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ച് പേര്, ഉദ്യോഗപ്പേര്, ഒപ്പ്, സ്ഥലം, തീയതി എന്നിവ രേഖപ്പെടുത്തി ഓഫീസ് സീൽ പതിപ്പിച്ച് സമർപ്പിച്ചിട്ടുണ്ടോ, | | |
| 1.3 | അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളത് വകുപ്പ് മേധാവിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ | | |
| 2.0 | **പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ** | | |
| 2.1 | സർക്കാരിലെ ബന്ധപ്പെട്ട ഭരണവകുപ്പ് ഈ പ്രത്യേക പൊതു ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി (administrative sanction) നൽകിയിട്ടുണ്ടോ, | | |
| 2.2 | കൈമാറാൻ ശുപാർശ ചെയ്യുന്ന സ്ഥലത്ത് ഇതേ ആവശ്യത്തിന് മുൻകൂറായി പ്രവേശനം അനുവദിക്കുന്നതിന് കേരള സർക്കാർ റവന്യൂ വകുപ്പ് permissive sanction) ഉത്തരവ് നൽകിയിട്ടുണ്ടോ, | | |
| 2.3 | ടി സർക്കാർ ഉത്തരവുകൾ അർത്ഥനാപത്രത്തോടൊപ്പം ഹാജരാക്കിയിട്ടുണ്ടോ, | | |
| 2.4 | ഈ ഭൂമിയുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ, | | |
| 2.5 | സർക്കാർ പ്രത്യേകിച്ചൊരു പദ്ധതിക്കായി നീക്കിവച്ചിരുന്ന ഭൂമിയാണോയെന്ന് പരിശോധിച്ചോ, | | |
| 3.0 | **കൈമാറാനുദ്ദേശിക്കുന്ന ഭൂമി** | | |
| 3.1.1 | റവന്യൂ തരിശോ പുറമ്പോക്കോ എന്ന് പരിശോധിച്ചിട്ടുണ്ടോ | | |
| 3.1.2 | സ്റ്റേറ്റ് ലാൻഡ് ബാങ്കിലെ കെ.ആർ.ഡി.നമ്പർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ | | |
| 3.1.3 | റവന്യൂ വകുപ്പിന്റെ ഏതെങ്കിലും ഓഫീസ് പ്രവർത്തിക്കുന്നതോ, റവന്യൂ വകുപ്പ് വക കെട്ടിടം സ്ഥിതി ചെയ്യുന്നതോ അല്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ, | | |
| 3.1.4 | ജില്ലയിൽ ഇതര സ്ഥലങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന റവന്യൂ ആഫീസുകൾ മാറ്റി സ്ഥാപിക്കുന്നതിനോ, റവന്യൂ വകുപ്പിലെ ഭാവി വികസന ആവശ്യങ്ങൾക്കോ ഈ ഭൂമി ആവശ്യമില്ല എന്ന് രേഖപ്പെടുത്തിയ ജില്ലാകളക്ടറുടെ സാക്ഷ്യപത്രം ചേർത്തിട്ടുണ്ടോ, | | |
| 3.2.0 | **റവന്യൂ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭൂമിയല്ല എങ്കിൽ -** | | |
| 3.2.1 | ഏത് സേവന വകുപ്പിന്റെ കൈവശത്തിലാണ് ഭൂമിയെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ, | | |
| 3.2.2 | ആ വകുപ്പിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ നിരാക്ഷേപപത്രം ഉൾപ്പെടുത്തിയിട്ടുണ്ടോ, | | |
| 3.3.0 | സേവന വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയല്ലെങ്കിൽ– | | |
| 3.3.1 | ബോർഡ് / തദ്ദേശസ്വയംഭരണ സ്ഥാപനം / പൊതുമേഖലാസ്ഥാപനം തുടങ്ങിയ ഏത് സ്ഥാപനത്തിന്റെ കൈവശത്തിലാണ് ഭൂമിയെന്ന് പരിശോധിച്ചിട്ടുണ്ടോ, | | |
| 3.3.2 | ഭൂമി കൈവശം വയ്ക്കുന്നതിന് ആധാരമായ രേഖകൾ പരിശോധിച്ച് റിപ്പോർട്ടിൽ രേഖപ്പെടുത്തിയോ | | |
| 3.3.3 | ആ സ്ഥാപനത്തിന്റെ ബോർഡ് / കൗൺസിൽ / സഭ പാസ്സാക്കിയ തീരുമാനം ലഭ്യമായിട്ടുണ്ടോ, | | |
| 3.3.4 | തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിക്ഷിപ്തമായ ഭൂമിയാണെങ്കിൽ ഡൈവെസ്റ്റ് (divest) ചെയ്ത് ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്നതിന് നിയമതടസ്സമുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ, | | |
| 3.3.5 | ഭൂമിയിൽ അവകാശതർക്കം, അതിർത്തിതർക്കം വഴിതർക്കം പാട്ടം തുടങ്ങിയവ നിലവിലുണ്ടോയെന്ന് പരിശോധിച്ചതിൽ ഇല്ല എന്ന് കണ്ടെത്തി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ, | | |
| 4.0 | **റവന്യൂ രേഖകൾ** | | |
| 4.1 | വില്ലേജ് ഓഫീസർ സ്ഥലത്ത് ഹാജരായി കൈമാറാനുദ്ദേശിക്കുന്ന ഭൂമിയുടെ ലൊക്കേഷൻ, സർവ്വ, വിസ്തീർണ്ണം, അതിർത്തി, ചമയങ്ങൾ, വൃക്ഷങ്ങൾ, വഴി സൗകര്യം, അനുയോജ്യത തുടങ്ങിയ വിവരങ്ങൾ തടസ്സരുടെ സാന്നിധ്യത്തിൽ തിട്ടപ്പെടുത്തി തയ്യാറാക്കിയ മഹസ്സർ ലഭിച്ചിട്ടുണ്ടോ? | | |

| | |
|---|---|
| 4.2 | മഹസ്സർ വെട്ടുതിരുത്തില്ലാത്തതും, പൂർണ്ണമായ വില്ലേജ് മാന്വലിലെ നിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ളതുമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ, |
| 4.3 | ബി.റ്റി.ആർ, സെറ്റിൽമെന്റ്/അടങ്കൽ/എ. രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ചേർത്തിട്ടുണ്ടോ, |
| 4.4 | പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ് (മുൻസർവ്വേ പ്രകാരവും, റീസർവ്വേ പ്രകാരവും സാക്ഷ്യപ്പെടുത്തി ചേർത്തിട്ടുണ്ടോ, |
| 4.5 | എഫ്.എം.ബിയിൽ വശ അളവുകൾ രേഖപ്പെടുത്തിയ ഫീൽഡ് ഡിമാർക്കേഷൻ സ്കെച്ച് അസ്സൽ ചേർത്തിട്ടുണ്ടോ, |
| 4.6 | വില്ലേജ് ഓഫീസർ സമർപ്പിച്ച മഹസ്സറിലും അനുബന്ധരേഖകളിലും കാണുന്ന വിവരങ്ങൾ ശരിയും വസ്തുനിഷ്ഠവുമാണോയെന്ന് തഹസിൽദാർ, ആർ.ഡി.ഓ എന്നി ഉദ്യോഗസ്ഥർ മേൽപരിശോധന നടത്തി ബോധ്യപെട്ടതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ, |
| 5.0 | **വില നിർണ്ണയം** |
| 5.1 | ഭൂമിയുടെ വില നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കിയ മൂന്നു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തതും മൂന്നുകിലോ മീറ്ററിനുള്ളിൽ കൈമാറ്റം ചെയ്യപ്പെട്ടതുമായ സമാനസ്വഭാവമുള്ള ഭൂമിയുടെ മൂന്നു വിലയാധാരങ്ങളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി ചേർത്തിട്ടുണ്ടോ, |
| 5.2 | ഭൂമിയുടെ വിലനിർണ്ണയ സ്റ്റേറ്റ്മെന്റിൽ ആർ.ഡി.ഒ സ്ഥലപരിശോധന നടത്തി അഭിപ്രായം അറിയിച്ചിട്ടുണ്ടോ |
| 6.0 | **കുഴിക്കൂറ് ചമയങ്ങളുടെ വിലനിർണ്ണയം** |
| 6.1 | കെട്ടിടങ്ങൾ ഉണ്ടെങ്കിൽ വില പി. ഡബ്ള്യൂ. ഡി മുഖേന നിർണ്ണയിച്ചത് അസ്സൽ ചേർത്തിട്ടുണ്ടോ, |
| 7.0 | വൃക്ഷങ്ങളുടെ വില |
| 7.1 | കൈമാറാനുദ്ദേശിക്കുന്ന ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ വിവരം-ക്രമനം, ഇനം, നെഞ്ചുയരത്തിലുള്ള വണ്ണം, ഉദ്ദേശ ഉയരം, എണ്ണം തുടങ്ങിയവ - രേഖപ്പെടുത്തിയ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ, |
| 7.2 | മരവില വനം വകുപ്പ് മുഖേന നിർണ്ണയിച്ച രേഖ ഉൾപ്പെടുത്തിയിട്ടുണ്ടോ |
| 7.3 | വിലനിർണ്ണയ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ കമ്പോളവില, വൃക്ഷവില, കെട്ടിടങ്ങളുടെ വില എന്നിവ കണക്കിലെടുത്ത് മൊത്തം വില കണക്കാക്കി അക്കത്തിലും അക്ഷരത്തിലും പ്രസ്താവിച്ചിട്ടുണ്ടോ, |
| 8.0 | **റിപ്പോർട്ട്** |
| 8.1 | പ്രൊഫോർമ റിപ്പോർട്ടിന്റെ 18 കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിട്ടുണ്ടോ, |
| 8.2 | പ്രൊഫോർമ റിപ്പോർട്ടിൽ തഹസിൽദാർ, ആർ.ഡി.ഓ, ജില്ലാകളക്ടർ എന്നീ ഉദ്യോഗസ്ഥർ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ, |
| 8.3 | ഭൂമി കൈമാറ്റ പ്രൊപ്പോസൽ രണ്ട് പ്രതി തയ്യാറാക്കിയ രേഖകളുടെ അസ്സൽ തന്നെയാണോ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ, |
| 9.0 | **ശുപാർശ** |
| 9.1 | സേവനവകുപ്പുകൾക്ക് കൈമാറുവാൻ ജില്ലയിൽ ലഭ്യമായ ഭൂമിയുടെ ആകെ വിസ്തീർണ്ണത്തിൽ നിന്നും ഇപ്പോൾ കൈമാറാൻ ശുപാർശ ചെയ്യുന്ന വിസ്തീർണ്ണം, ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്വീകാര്യമാണോയെന്ന ജില്ലാകളക്ടറുടെ അഭിപ്രായം റിപ്പോർട്ടിൽ ചേർത്തിട്ടുണ്ടോ, |
| 9.2 | അർത്ഥനാ പത്രത്തിലെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ കൈമാറ്റ ശുപാർശ, പ്രൊഫോർമ റിപ്പോർട്ട് എന്നിവയിലെ സർവ്വെ നമ്പർ, വിസ്തീർണ്ണം എന്നിവയുമായി യോജിക്കുന്നുണ്ടോ |
| 9.3 | ഭൂമികൈമാറ്റ ഉത്തരവിൽ നിലവിൽ ഏർപ്പെടുത്തിവരുന്ന വ്യവസ്ഥകൾക്ക് പുറമേ കൈമാറാനുദ്ദേശിക്കുന്ന ഭൂമിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഏതെങ്കിലും നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ, |
| 9.4 | സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സൗജന്യമായി ഭൂമി കൈമാറാവുന്നതാണോയെന്നുള്ള ജില്ലാകളക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ, |

തീയതി

ജില്ലാകളക്ടർ

## APPLICATION FOR TRANSFER OF GOVERNMENT LAND FROM ONE DEPARTMENT TO ANOTHER

I. Particulars of the land to be transferred :

1. District :
2. Taluk :
3. Village :
4. Survey No. :
5. Extent :

II. Department to which the land belongs to :

III. Whether consent of the Department have obtained :

IV Department to which the land is to be transferred :

V. Whether commercial or service department :

VI. Purpose for which the land has to be transferred :

VII. Whether it is for remunerative or non-remunerative purpose :

VIII Whether the department is ready to pay market value of the land and improvement and other charges to be fixed by the Government if required :

IX Remarks

Place :

Date :